

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്
2014-15

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി3)1274/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശൂർ-680 020.
ഫോൺ നമ്പർ-0487 2331249
e.mail:- dotsr.ksad@kerala.gov.in
തിയതി 28.07.2016

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തിരുത്തി ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1,3-4,3-9 എന്നീ ഖണ്ഡികകളിലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി3)1274/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശൂർ-680 020.
ഫോൺ നമ്പർ-0487 2331249
e.mail:- dotsr.ksad@kerala.gov.in
തിയതി 28.07.2016

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.04.2014 മുതൽ 19.1.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 31.3.15 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	സി.വൈ.സലിം. ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	21.7.16 മുതൽ 27.7.16 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ശ്രീ. ടി.ജി. പ്രശാന്ത്	:	അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ചൈതന്യ പുരുഷോത്തമൻ	:	അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത. ആർ	:	ഓഡിറ്റർ

ബി) നിർവ്വഹണാധികാരികൾ

	പേര്	**കാലയളവ്**
പ്രസിഡന്റ്	ശ്രീ.എ.വി സതീഷ്	1.4.2014 – 31.3.2015
സെക്രട്ടറി	ശ്രീ.പി.എ ഷാഹുൽ ഹമീദ്	1.4.2014 – 1.11.2014FN
	ശ്രീ.കെ.കെ.മൂണി	1.11.2014AN – 4.12.2014
	ശ്രീ.യു.നാരായണൻ	5.12.2014 – 31.3.2015

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

ഉദ്യോഗപ്പേര്	**പേര്**	**കാലയളവ്**

അസി. സെക്രട്ടറി	ശ്രീ.കെ.കെ.മൂണി	1.4.2014 – 31.3.2015
അസി എഞ്ചിനീയർ	ശ്രീമതി.സഖി.എൽ	1.4.2014 – 31.3.2015
കൃഷി ഓഫീസർ	ശ്രീ.എം.എച്ച്.മുഹമ്മദ് ഇസ്മയിൽ	1.4.2014 – 31.3.2015
ഐ.സി.ഡി.എസ് സൂപ്പർ വൈസർ	ശ്രീമതി.ഓമന.എസ്	1.4.2014 – 31.3.2015
മെഡിക്കൽഓഫീസർ, പി.എച്ച്.സി,ചാമക്കാല	ഡോ.അർജുൻ അജയഘോഷ്	1.4.2014 – 31.03.2015
വെറ്ററിനറി സർജൻ	ഡോ.അൻഷാദ്	1.4.2014 – 14.7.2014FN
	ഡോ.എൻ.കെ.സന്തോഷ്	14.7.2014AN – 31.3.2015
വിഇഒ, എടത്തിരുത്തി	ശ്രീമതി.ടെസ്സി	1.4.2014 – 18.11.2014
	ശ്രീ.സുമേഷ്	19.11.2014 – 31.3.2015
വിഇഒ, ചെന്ത്രാപ്പിന്നി	ശ്രീ.ആഡ്‌ലി ഉസ്മാൻ	1.4.2014 – 3.7.2014

	ശ്രീമതി.ദിവ്യ ടി.ശങ്കർ	4.7.2014 – 31.3.2015
പ്രധാന അദ്ധ്യാപിക ജി.എൽ.പി.എസ്. ചെന്ത്രാപ്പിന്നി	ശ്രീമതി.സുഷമ	1.4.2014 – 31.5.15
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി.ഓമന.കെ.കെ	1.4.2014 – 31.3.2015

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം.	1-6
7	തനത് വരുമാനം.	1-7
8	ക്ഷേമപദ്ധതികൾ	1-8

9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തരനിയന്ത്രണം.	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തേണ്ടതാണ് .	1-12
	ഭാഗം 2	
13	അനധികൃത കെട്ടിട നിർമ്മാണം	2-1
14	മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല	2-2
15	പെർമിറ്റ് ഫീസ് കുറവ് ഈടാക്കി	2-3
16	ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	2-4
	ഭാഗം 3	
17	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-1515875 രൂപ തടസ്സം	3-1
18	വാഹന പരിപാലനം-അപാകതകൾ	3-2
19	നിർവഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല.	3-3

20	വിജ്ഞാനോത്സവം -മാർഗരേഖയ്ക്കു വിരുദ്ധമായ ചെലവ് -7500രൂപ തടസ്സപ്പെടുത്തുന്നു	3-4
21	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -അപാകതകൾ	3-5
22	അംഗൻവാടി പോഷകാഹാരത്തിന്റെ ഗുണപരിശോധന നടത്തുന്നില്ല. .	3-6
23	ഭവനനിർമ്മാണപ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.	3-7
24	പാലിയേറ്റിവ് കെയർ പദ്ധതിയുടെ മോണിട്ടറിംഗ് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ഫലപ്രദമായി നടത്തേണ്ടതാണ് ..	3-8
25	കാരുണ്യഫാർമസിയിൽ നിന്നും ലഭ്യമാവാനുള്ള മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്	3-9
26	അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ ഡിസ്മാന്റ്ലിംഗ് പ്രവൃത്തി പ്രകാരം വേണ്ട മെറ്റീരിയൽസ് ഉപയോഗിച്ചതായോ ബാക്കിയുള്ളതായോ കാണുന്നില്ല. 1954/- തടസ്സം	3-10
	ഭാഗം 4	
27	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.	4-1

28	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
29	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
30	വായ്പ/ വായ്പ തിരിച്ചടവ്	4-4
31	ഓഡിറ്റ് റിക്കവറി	4-5
32	സ്ഥിരനിക്ഷേപങ്ങൾ	4-6
33	ഓഡിറ്റ് പ്രത്യവലോകനം	4-7
34	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
35	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9
36	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം-1

ഭാഗം -1
പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 26.02.2014 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 90783060/- രൂപയും ചെലവ് 88734934/- രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.7.2015	30.7.2015

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2014-15	നം.കെ.എസ്.എ-ടി.എസ്.ആർ (ഇ3)-1456/15(45) /15.10.15വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം

സാക്ഷ്യപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള താഴെപ്പറയുന്ന അപാകതൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

1. 30.03.15 വരെ സൃഷ്ടിക്കപ്പെട്ട ആസ്തി /ബാദ്ധ്യതകളുടെ വിവരം വാർഷികകണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
2. ധനകാര്യ വർഷത്തേക്കുള്ള സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	7734254
വരവ്	85509294
ആകെ	93243548
ചെലവ്	69027405
നീക്കിയിരിപ്പ്	24216143

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	293929	*11441400	11735329	9559490	2175839	81.46
വികസനഫണ്ട് എസ്.സി.പി.	795954	**8528900	9324854	7016725	2308129	75.25
വികസനഫണ്ട് ടി.എസ്.പി.	0	7000	7000	7000	0	100
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	362246	6095015	6457261	5514705	942556	85.4
പെർഫോമൻസ് ഗ്രാന്റ്	184916	2909000	3093916	0	3093916	0
ബി ഫണ്ട്	0	24161602	24161602	24161602	0	100

സംരക്ഷണഗ്രാന്റ് റോഡ്	24	9154136	9154160	6212558	2941602	67.87
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	2776835	2776835	2585860	190975	93.12
എം.എൻ.ആർ.ഇ.ജി.എസ്.	1200	11017485	11018685	11000555	18130	99.84

* വികസന ഫണ്ട്-8386000+ജില്ലാ പഞ്ചായത്ത് -98000+ ബ്ലോക്ക് പഞ്ചായത്ത്-2057400+വോട്ടിംഗ് മെഷീൻ- 900000

**വികസന ഫണ്ട്(എസ്.സി.പി)-8271000+ബ്ലോക്ക് പഞ്ചായത്ത്-257900

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
171	52103748	115	35740739	44	12	67

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1	92/15	വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കൽ
2	7/15	സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
3	77/15	മാണ്യം താഴം റോഡ് ടാറിംഗ്
4	90/15	തീരദേശത്ത് രാജീവ് റോഡിൽ എൽ.ഇ.ഡി ബൾബ് സ്ഥാപിക്കൽ
5	72/15	പട്ടികജാതി വിഭാഗക്കാർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം
6	68/15	പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം
7	69/15	വാട്ടർ കണക്ഷൻ എസ്.സി
8	70/15	കക്കൂസ് നിർമ്മാണം എസ്.സി
9	71/15	വീട് അപ്ഗ്രഡേഷൻ എസ്.സി
10	79/15	ഭവന നിർമ്മാണം എസ്.സി(അയ്യമ്പാടി കോളനിയിൽ)
11	80/15	ഭവന നിർമ്മാണം എസ്.സി
12	94/15	പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിന് മൂന്ന് സെന്റ് സ്ഥലം വാങ്ങുന്നതിന് ധനസഹായം

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ 68.9 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	3862954	6710674	2847720	73.7(+)
നികുതിയേതര വരവുകൾ	200248	368638	168390	84(+)
മറ്റുവരവുകൾ	346401	370100	23699	6.8(+)
ആകെ	**4409603**	**7449412**	**3039809**	**68.9(+)**

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	131400	90
കർഷകതൊഴിലാളി പെൻഷൻ	2470006	348
വിധവാപെൻഷൻ	10280864	1255

വാർദ്ധക്യകാലപെൻഷൻ	7637562	1303
വികലാംഗപെൻഷൻ	2772810	506
അവിവാഹിതപെൻഷൻ	748960	88
വിവാഹധനസഹായം	120000	4

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2016 തിയതി 3.45pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7497/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി ബോദ്ധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സർക്കാർ ഉത്തരവുപ്രകാരമുള്ള മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സംസ്ഥാനധനകാര്യവകുപ്പിൽ നിന്നുള്ള സ്രക്കുലർ നമ്പർ 86/2010/ ഫിൻ തി. 24.09.2010 ൽ നിർദ്ദേശിക്കും പ്രകാരമുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ടി രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓരോ വർഷവും നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിലെ ബന്ധപ്പെട്ട പേജിൽ അവസാനം നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്ന കോളത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16.7.2016	06/2016	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	21.1.2011-5.2.2011	2005-06 to 2009-10	4.3.2011

1-12 പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തേണ്ടതാണ്

വെള്ളക്കരമിനത്തിൽ 2014-15 സാമ്പത്തികവർഷം 1444334 രൂപ അടവാക്കിയിട്ടുണ്ട്.വെള്ളക്കരമിനത്തിൽ വൻതുക അടവാക്കി വരുന്ന സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണം അറിയുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്നു 30.9.09ലെ സ.ഉ (സാ.ധാ) 1279/09 നമ്പർ ത.സ്വ.ഭ.വ പ്രകാരമുള്ള സംയുക്തപരിശോധന നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 അനധികൃത കെട്ടിട നിർമ്മാണം

1. XV ാം വാർഡിൽ ശ്രീജിത്, s/o സിദ്ധാർത്ഥൻ, മോനോത്ത് വീട്, കണ്ണംപുള്ളിപുറം എന്നയാളുടെ ഉടമസ്ഥതയിൽ നിലവിലുള്ള 300 മുതൽ 305 വരെയുള്ള പീടികമുറികളുടെ മുകളിൽ പാർപ്പിടാവശ്യത്തിനായി പണിത അപ്പാർട്ട്മെന്റിന് സെറ്റ്ബാക്ക് അളവുകൾ ലഭ്യമായിട്ടില്ലെന്നും അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് കെട്ടിടം പണിതിരിക്കുന്നതെന്നും എൽ.എസ്.ജി.ഡി അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഫയൽ പരിശോധനയിൽ കാണുകയുണ്ടായി.(ഫയൽ നം A4-5739/2014).

2. ചെന്ത്രാപ്പിന്നി എസ്.എൻ വിദ്യാഭവൻ സ്കൂൾ പടിഞ്ഞാറെ റോഡിൽ പാടം നികത്തി ഫ്ലാറ്റ് നിർമ്മാണം നടക്കുന്നതായുള്ള പരിസരവാസികളുടെ പരാതിയിന്മേൽ അന്വേഷണം നടത്തുവാൻ 17.6.2014 ലെ പഞ്ചായത്ത് കമ്മിറ്റി (തീരുമാനം 17(13)) തീരുമാനിച്ചിട്ടുണ്ട്. ആയതിൻമേൽ നടത്തിയ സ്ഥലപരിശോധനയിൽ അനധികൃതമായി തറപണി നടന്നിട്ടുള്ളതായി ഭരണസമിതിക്ക് ബോധ്യപ്പെട്ടതിനാൽ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതായി ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകവയറി നം.2/25.7.16 നുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

3. ഹസീന, കണ്ണേഴത്ത് വീട്, ചാമക്കാല എന്നിവർ സർവേ നം 15/2A യിൽ പണിതിരിക്കുന്ന ഫ്ലാറ്റ് അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മിച്ചിരിക്കുന്നതെന്ന് അസി.എഞ്ചിനീയർ 28.2.2015 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അംഗീകൃത പ്ളാൻ പ്രകാരമുള്ള സെറ്റ്ബാക്ക് ലഭിക്കുന്നില്ലായെന്നും KPBR ലംഘനമുള്ളതായും ടി റിപ്പോർട്ടിൽ പറയുന്നുണ്ട് (ഫയൽ നം A4-4095/2013).

അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് മേൽ വിഷയങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 ഡബ്ല്യു 235 ഇസഡ്, കേരളാ പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ 2011 എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

മൊബൈൽ ടവറുകളിൽ നിന്നും 2014-15 വർഷത്തെ വസ്തു നികുതി നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല. വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

മൊബൈൽ ടവർ	വാർഡ് നം,കെട്ടിട നം	നികുതി+സെസ്സ്(2014-15)

റിലയൻസ്	VIII/353A	5500+275=5775
വോഡാഫോൺ	IX/364A	7227+362=7589
വയർലെസ് ഇൻഫോ സർവീസ്	X/63A	6705+334=7039
ജി.ടി.എൽ ഇൻഫ്രാസ്ട്രക്ചർ	X/290A	7680+384=8064
		28467

വസ്തു നികുതി നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 പെർമിറ്റ് ഫീസ് കുറവ് ഈടാക്കി

എ) 2014-15 വർഷത്തെ വസ്തു നികുതി പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 150 m^2 നു താഴെ വിസ്തീർണ്ണമുള്ള 84 കെട്ടിടങ്ങൾക്ക് 1m^2 ന് 1.5 രൂപയാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിർമ്മാണ ചട്ടങ്ങൾ 2011ലെ ചട്ടം 10 അനുസരിച്ച് 100m^2ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. കേരളാ പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ 2011 ലെ ചട്ടം 11(3) ഷെഡ്യൂൾ II പ്രകാരം 1 m^2 ന് 3രൂപയാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ചട്ടപ്രകാരമുള്ള പെർമിറ്റ് ഫീസ് ബന്ധപ്പെട്ട വരിൽ നിന്നും ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻകപയറി നം.8/25.7.2016)

ബി) താഴെ നൽകിയിട്ടുള്ള പട്ടികയിലെ അപേക്ഷകരിൽ നിന്നും ഈടാക്കേണ്ട പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

അപേക്ഷന്റെ പേര്	വിസ്തീർണ്ണം / m^2	ഫീസ് ഈടാക്കിയത്	ഈടാക്കേണ്ടത്	കുറവ്
രജനികാന്ത് കാണാട്ട് മാടായികോണം	പാർപ്പിടം 162.83	244	488	244
ജമീല പൊകാകിലത്ത് എടത്തിരുത്തി	പാർപ്പിടം170.22	341	510	169
ഭുവനേശ്വരി കാക്കനാട്ട് ചെന്ത്രാപ്പിന്നി	വാണിജ്യം 37.80	152	189	37
ആകെ				**450**

കുറവു തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

സി). പെർമിറ്റ് രജിസ്റ്ററിൽ ഫീസ് ഈടാക്കിയതിന്റെ വിശദാംശംങ്ങൾ, പെർമിറ്റ് നല്കിയതും നിരസിച്ചതുമായ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2-4 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി.ആന്റ്.ഓ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

1.മെഡികെയർ ലബോറട്ടറി, ചെന്ത്രാപ്പിന്നി
2. മാകെയർ ഡയഗനോസ്റ്റിക്ക്, ചെന്ത്രാപ്പിന്നി
3. ലൈഫ് പ്ലസ് ക്ലിനിക്ക്, ചെന്ത്രാപ്പിന്നി
4. Dr.MAG's ഡെന്റൽ ക്ലിനിക്ക്, ചെന്ത്രാപ്പിന്നി
5. സ്മൈൽ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, ചെന്ത്രാപ്പിന്നി
6. മിത്ര റിസർച്ച് ലബോറട്ടറി, ചെന്ത്രാപ്പിന്നി
7. അമൃത ഡയബറ്റിക് കെയർ സെന്ററർ
8. ശ്രീ.ധന്വന്തരി ആയുർവേദിക്സ് ആയുർവേദ ആശുപത്രി

കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് യാതൊരു സ്ഥലവും പഞ്ചായത്ത് നല്കുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-1515875 രൂപ തടസ്സം

വിവിധ പദ്ധതികൾക്കുവേണ്ടി 2014-15 സാമ്പത്തികവർഷം താഴെപ്പറയും പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പദ്ധതിനമ്പർ/ പേര്	ട്രഷറി ബിൽ നമ്പർ/ തീയതി	ഡിഡി നമ്പർ/ തീയതി	തുക	നൽകിയത്
S0002/15 ഐ.എ.വൈ അധികവിഹിതം (ജനറൽ)	19/14-15/ 29.9.14	669587/30.9.14	130000	മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
S0002/15 ഐ.എ.വൈ അധികവിഹിതം (ജനറൽ)	20/14-15/ 29.9.14	669585/30.9.14	260000	മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
S0002/15 ഐ.എ.വൈ അധികവിഹിതം (ജനറൽ)	51/14-15/ 2.3.15	989167/10.3.15	227500	മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
S0003/15 ഐ.എ.വൈ അധികവിഹിതം (എസ്.സി)	30/14-15/ 29.12.14	986024/30.12.14	130000	മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
S0003/15	2/14-15/29.9.14	669586/30.9.14	325000	മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഐ.എ.വൈ അധികവിഹിതം (എസ്.സി)				
S0003/15 ഐ.എ.വൈ അധികവിഹിതം (എസ്.സി)	61/14-15/26.3.15	990038/28.3.15	116375	മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
S0009/15 സാമൂഹ്യസുരക്ഷാമിഷൻ	18/14-15//29.9.14	669571/30.9.14	200000	എക്സിക്യൂട്ടീവ് ഡയറക്ടർ, കേരളാ സോഷ്യൽ സെക്യൂരിറ്റിമിഷൻ
S0050/15 വനിതാലേബർബാങ്ക്-പഞ്ചായത്ത് വിഹിതം	54/14-15/10.3.15	989166/19.3.15	62000	മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
S0167/15 മാവുംവളവ് പൈപ്പുലൈൻ എക്സ്റ്റെൻഷൻ	47/14-15/9.3.15	988720/7.3.15	65000	എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാവാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട

വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതുവരെ ചെലവഴിച്ച 1515875രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 വാഹന പരിപാലനം-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ KL-47- 309 ബൊലേറോയുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മൈലേജ് ടെസ്റ്റ് നടത്തിയതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

2. അറ്റകുററപ്പണികൾ സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

3. ഓരോ മാസാവസാനവും തൻ മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല..

4. തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ആയ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ചു സാക്ഷ്യപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിക്കേണ്ടതും വാഹന പരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 170/07 ത.സ്വ.ഭ.വ. 30.06.2007 പ്രകാരം ലോഗ്ബുക്ക് യഥാവിധി പരിപാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതുമാണ്.

3-3 നിർവഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല.

സർക്കാർ ഉത്തരവ് (പി) 177/06 ധനം 12.4.06 ഖ.18.2 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ്ബുക്കിൽ വകുപ്പുതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വി.ഇ.ഒ, ഹെഡ്മിസ്ട്രസ്സ് എന്നീ നിർവഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4 വിജ്ഞാനോത്സവം -മാർഗരേഖയ്ക്കു വിരുദ്ധമായ ചെലവ് -7500രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ-S033/15

ട്രഷറിബിൽ നമ്പർ-6/14-15/25.3.15

തുക-7500രൂപ

നിർവഹണഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്സ്

മേൽ പ്രൊജക്ട് പ്രകാരം വിജ്ഞാനോത്സവം നടത്തുന്നതിനായി 7500 രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തികവർഷത്തേയ്ക്ക് ബാധകമായിട്ടുള്ള സബ്സിഡി മാർഗരേഖ ജി.ഒ.(എം.എസ്) നം. 362/13 തസ്വഭവ തീയതി 16.11.13 പ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, തുടർസാക്ഷരത, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രൊജക്ടുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രോജക്ടുകൾ. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത വിജ്ഞാനോത്സവം എന്ന പ്രൊജക്ട് നടപ്പാക്കിയതിനു ചെലവഴിച്ച 7500രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-5 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -അപാകതകൾ

പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

പ്രോജക്ട് നമ്പർ-SOO34/15

ട്രഷറിബിൽ നമ്പർ-1/14-15/17.12.14

തുക-468750 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

1.ഡിഡി നമ്പർ 985803/22.12.14 പ്രകാരം 468750 രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റു രസീതി ലഭ്യമാക്കേണ്ടതാണ്. പദ്ധതിപൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം, ഭൗതികനേട്ടറിപ്പോർട്ട് എന്നിവ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

2.താഴെ പ്പറയുന്ന വ്യക്തികൾ ഇടയ്ക്ക് വച്ച് പദ്ധതിയിൽ നിന്നും പിൻമാറിയിട്ടുണ്ട്

1.സത്യഭാമ ,വെളമ്പത്ത്,ചെന്ത്രാപ്പിന്നി

2.ശ്യാമള സദാനന്ദൻ,മാണീയത്ത്,ചെന്ത്രാപ്പിന്നി

3.ഓമന,കാളകൂടത്ത്,എടത്തിരുത്തി

മേൽ ഗുണഭോക്താക്കൾ പദ്ധതി പൂർത്തിയാക്കാത്തതിനാൽ മേൽപ്പറഞ്ഞവരുടെ സബ്സിഡി വിഹിതമായി എസ്.എൽ.ബി.പിയ്ക്ക് നൽകിയ തുക തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ അടവാക്കേണ്ടതാണ്.

3-6 അംഗൻവാടി പോഷകാഹാരത്തിന്റെ ഗുണനിലവാരപരിശോധന നടത്തുന്നില്ല.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 1.2.10, 5.6.10 തീയതികളിലെ കത്ത് നമ്പർ ഐ.സി.ഡി.എസ്. B3-312/10 പ്രകാരം ഓരോ രണ്ടു മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുവാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശമുണ്ട്.

എന്നാൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണഉദ്യോഗസ്ഥയായി നടപ്പാക്കിയ 22/15 പ്രോജക്ടു പ്രകാരമുള്ള പോഷകാഹാര വിതരണത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ മേൽപ്പറഞ്ഞപ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കാറില്ലെന്നു കാണുന്നു. ഇതു കുട്ടികളുടെ ആരോഗ്യ സുരക്ഷയെ ബാധിക്കുന്നതും സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനവുമാണ്. മേൽനടപടികൾക്കായി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

3-7 ഭവനനിർമ്മാണപ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വി.ഇ.ഓ. നിർവഹണ ഉദ്യോഗസ്ഥനായി എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ ഭവനനിർമ്മാണപ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	ഗുണഭോക്താവിന്റെ പേര്	നൽകാവുന്ന തുക	കൈപ്പറ്റിയ തുക

SOO81/14-ഭവനനിർമ്മാണം.എസ്.സി (ദ്വിവർഷം)	കാർത്യായനി കൃഷ്ണൻകുട്ടി ചക്കംകണ്ടത്ത്	200000	99500
SOO81/14-ഭവനനിർമ്മാണം.എസ്.സി (ദ്വിവർഷം)	ഉല്ലാസ് കാളക്കൂടത്ത് ഹൗസ്	200000	189500
SOO81/14-ഭവനനിർമ്മാണം.എസ്.സി (ദ്വിവർഷം)	തുപ്രൻ തട്ടാരപുരയ്ക്കൽ	200000	19000
ഭവനനിർമ്മാണം (എസ്.സി)	ഷൺമുഖൻ കല്ലുങ്ങൽ തേവൻ പണിക്കൻ വലപ്പാട്	200000	50000

ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-8 പാലിയേറ്റിവ് കെയർ പദ്ധതിയുടെ മോണിട്ടറിംഗ് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ഫലപ്രദമായി നടത്തേണ്ടതാണ്

ജി.ഒ.(എം.എസ്) നം.228/2012/തസ്വഭവ തി.23.08.2012 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റിവ് പരിചരണ മാർഗ്ഗരേഖയുടെ ഖണ്ഡിക 2.9.1 പദ്ധതിയുടെ മോണിട്ടറിംഗ് സംബന്ധിച്ച നിർദ്ദേശങ്ങളാണ്. ആയതുപ്രകാരം പി.എം.സിയുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണസ്ഥാപനത്തിൽ വച്ച് മാസംതോറും അവലോകനയോഗങ്ങൾ നടത്തേണ്ടതും പ്രസ്തുതയോഗത്തിൽ ആരോഗ്യമേഖലയിൽ നിന്നുള്ള പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ പാലിയേറ്റിവ്

മാനേജ്മെന്റ് കമ്മിറ്റിയുടെ അവലോകനയോഗങ്ങൾക്കു പുറമെ, ആശാവർക്കർമാരുടെ പ്രതിമാസ അവലോകനയോഗങ്ങളും നടത്തുകയും രണ്ടിനും തുക ചിലവഴിക്കുകയും ചെയ്യുന്നതായി കാണുന്നു. ആശാവർക്കർമാരുടെ മാത്രമായി പ്രത്യേകയോഗങ്ങൾ നടത്തുവാനും ആയതിന് തുക ചിലവിടുന്നതിനും മാർഗ്ഗരേഖപ്രകാരം അനുമതിയുള്ളതായി കാണുന്നില്ല. ഇതു സംബന്ധിച്ച 03/25.07.2016 നമ്പർ ഓഡിറ്റ് എൻകുയറിക്കുള്ള മറുപടിയിൽ പ്രൊജക്ടിൽ അംഗീകരിച്ചതായതുകൊണ്ടാണ് ഇത്തരത്തിലുള്ള യോഗങ്ങൾ നടത്തിയതെന്ന വിശദീകരണം നൽകിയിട്ടുണ്ട്. പ്രൊജക്ട് രൂപീകരണവും അതിലടങ്ങുന്ന പ്രവൃത്തികളും പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലേയും പ്രത്യേക ഉത്തരവുകളുണ്ടെങ്കിൽ ആയതിലേയും നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിട്ടായിരിക്കണം. പാലിയേറ്റിവ് കെയർ പദ്ധതിയുടെ മോണിട്ടറിംഗ് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ഫലപ്രദമായി നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-9 കാരുണ്യഫാർമസിയിൽ നിന്നും ലഭ്യമാവാനുള്ള മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ സാന്ത്വനപരിചരണപദ്ധതിക്കുവേണ്ടി (പ്രൊജക്ട് നമ്പർ : S0042/15) കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങിയതിന് 10943 രൂപ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ 4/14-15 തി. 28.03.15, തുക – 82355/-, ഡിഡി നമ്പർ- 990595 തി. 31.03.15, തുക- 10943/-). എന്നാൽ ഹാജരാക്കിയ ബില്ലുകൾ പ്രകാരം 3430/- രൂപയുടെ മരുന്ന് നാളിതുവരെയും കാരുണ്യഫാർമസിയിൽ നിന്നും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരെ, 3430/- രൂപയുടെ ചിലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകുയറി നമ്പർ : 04/25.07.16

3-10 അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ ഡിസ്മാന്റ്ലിലിംഗ് പ്രവൃത്തി പ്രകാരം ലഭിച്ച മെറ്റീരിയൽസ് ഉപയോഗിച്ചതായോ ബാക്കിയുള്ളതായോ കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

എടത്തിരുത്തി മധുരംപ്പിള്ളി റോഡ് മെയിന്റനൻസും കലുങ്ക് പുനരുദ്ധാരണവും എന്ന പ്രൊജക്ടിലെ കൾവെർട്ട് പുനരുദ്ധാരണത്തിനായി (പ്രൊ. നം. S098/15) "Dismantling, clearing away and carefully stacking materials useful for reuse for any thickness of walls of brick, laterite, or rubble in cement mortar including all labour, material including disposal of debris within a distance of 150m" എന്ന ഇനം പ്രവൃത്തി 3.24 m^3ചെയ്തതായി പ്രസ്തുത പ്രവൃത്തിയുടെ മെഷർമെന്റ് പുസ്തകത്തിലെ (നം.135/13-14) പേജ് 43 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്, രണ്ടാമത്തേയും അന്തിമവുമായ ബിൽ പ്രകാരം മേൽപ്രവൃത്തിക്ക് ബാധകമായ തുക കൂടി ഉൾപ്പെടുത്തി (m^3 ന് 603 രൂപ പ്രകാരം 3.24 m^3 ന് 1953.72 രൂപ) 37544/- രൂപ (ബിൽ നമ്പർ - 02/14-15, dt. 25.10.14, തുക- 39796/-) കൺവീനറായ ശ്രീ.സലീഷ് കുമാർ, തണ്ടാശ്ശേരി എന്നയാൾക്ക് അനുവദിച്ചിട്ടുമുണ്ട് (ഡിഡിയുടെ വിശദാംശങ്ങൾ ലഭ്യമായില്ല). മേൽസൂചിപ്പിച്ച പ്രവൃത്തിയിലോ മറ്റേതെങ്കിലും പ്രവൃത്തിയിലോ ടി അളവിലുള്ള റബ്ൾ ഉപയോഗപ്പെടുത്തിയതായി മെഷർമെന്റ് പുസ്തകത്തിൽ രേഖപ്പെടുത്തിക്കാണുന്നില്ല. സ്ഥലപരിശോധന നടത്തിയപ്പോൾ പ്രവൃത്തി നടന്ന പരിസരത്തിൽ ടി അളവിലുള്ള റബ്ൾ കാണുവാനുമായില്ല. കൾവെർട്ട് പുതുക്കിപ്പണിതപ്പോൾ റോഡ് നിരപ്പിൽ നിന്നും ഉയർന്നതിനാൽ, റോഡും കൾവെർട്ടും തമ്മിലുണ്ടായ ലെവൽ വ്യത്യാസം പരിഹരിക്കുന്നതിനായി റബ്ൾ പാക്കിംഗ് നടത്തേണ്ടിവന്നുവെന്നാണ് ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ : 14/26.07.16) ലഭിച്ച മറുപടി. മെഷർമെന്റ് പുസ്തകത്തിൽ ടി പ്രവൃത്തി സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുമില്ലാത്തതിനാൽ, മേൽപ്രവൃത്തിക്കായി ചിലവഴിച്ച 1954/- രൂപ തടസ്സപ്പെടുത്തുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	14-15	100000	മുട്ടക്കോഴി കുഞ്ഞുങ്ങളുടെ വിതരണം	67200	32800
"	14-15	107400	ശാരീരിക മാനസിക വെല്ലുവിളി യുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്	107400	0
"	14-15	1950000	ആശ്രയ	875000	1075000
	14-15	157900	ശാരീരിക മാനസിക വെല്ലുവിളി യുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്	157900	0
ജില്ലാ	14-15	98000	ശാരീരിക മാനസിക	98000	0

പഞ്ചായത്ത്			വെല്ലുവിളി യുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്		

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
വാട്ടർ അതോറിറ്റി	മാവും വളവ് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ	20401119/30.3.15	65000	0	65000
“	കോഴിത്തുമ്പ് റോഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	21401120/30.3.15	30000	30000	0
“	വാർഡ് 4 പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ	21401121/30.3.15	32400	32400	0

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെപേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പതുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻബാക്കിയുണ്ടായിരുന്നതുക	തൻവർഷം തിരിച്ചടച്ചതുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക
				മുതൽ	പലിശ	
ഇ.എം.എസ് ഭവനപദ്ധതി	800/2010തസ്വഭവ, 9.32010	12412322	493951	120072	69298	373879

4-5. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയതുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2008-09-2010-11	3-32	11336	അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി	11401101449/2-8-2014
“	2-2(2)	1820	അജിതൻ, പണിക്കപറമ്പിൽ	11401101880/4.9.2014
“	24(1)	26	കൊച്ചുണ്ണികൃഷ്ണൻ, പുളിപ്പറമ്പിൽ	11401101821/4.9.2014
“	2-4(1)	100	ഡോ.കെ.എൻ രാമകൃഷ്ണൻ	11401101822/4.9.2014

“	2-930,1,2,3	1500	ധന്യ, എം.ജി.എൻ.ആർ.ഇ.ജി.എസ് ഓവർസിയർ	11401101863/10.9.2014
“	2-2(2)	1820	അജിതൻ, പണിക്കപറമ്പിൽ	11401102414/13.10.2014
“	2-3(1)	2500	അസി.എക്സി.എഞ്ചിനീയർ കെ.എസ്.ഇ.ബി	11401102431/13.10.2014
“	2-3(1,2,3)	7500	ശ്രീ.മുരുഗ മൂവീസ് ചെന്ത്രാപ്പിന്നി	11401102442/14.10.2014
“	2-4(1)	33	അനിലൻ, നടുവിലപുരക്കൽ	11401101914/14.9.2014
“	2-3(1)	250	പ്രിയ എസ്.മനു, എച്ച്.ി.എഫ്.സി.ബാങ്ക്	1140110273/5.3.2015
“	2-3II	1250	ജോസ്, പെട്രോൾ പമ്പ്	11401102128/26.9.2014
“	2-3 I,II,III	1500	വർഷ,അക്കൗണ്ടന്റ് എം.ജി.എൻ.ആർ.ഇ.ജി.എസ്	11401107419/20.11.2014
2011-12	2-1	60	ബീരാൻ ഉമ്മർ, പുതിയവീട്ടിൽ	11401108344/17.1.2014
ആകെ		29695		

4-6 <u>സ്ഥിരനിക്ഷേപങ്ങൾ</u>
ഇല്ല.

4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	85509294
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	69027405
വരവിനങ്ങളിലുള്ള നഷ്ടം	:	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1528759

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
		ഇല്ല.	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	915000 600875	പി.എ ഷാഹുൽ ഹമീദ്, സെക്രട്ടറി യു.നാരായണൻ, സെക്രട്ടറി
3-4	7500	സുഷമ, പ്രധാനാദ്ധ്യാപിക

3-9	3430	ഡോ.അർജുൻ അജയഘോഷ്, മെഡിക്കൽഓഫീസർ, പി.എച്ച്.സി
3-10	1954	സഖി.എൽ, അസി.എഞ്ചിനീയർ
ആകെ	1528759	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെട്ടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
	ഇല്ല	

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭിച്ച

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	3-5	2009-10	2.8(1)	വൈദ്യുതി ലൈൻ വലിക്കൽ നടപ്പാക്കിയത്	ന്യൂനത പരിഹാര പത്രി സമർപ്പിച്ചിട്ടുണ്ട്
2003-04	3-2	"	"	തെരുവുവിളക്ക് ലൈൻ വലിക്കൽ	“
“	3-10	“	2-10(9)	കൃഷി ഓഫീസർ ചെലവു കണക്കുകൾ ഹാജരാക്കിയിട്ടില്ല.	“

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1980-81	എൽഎഫ്.ടി.എസ്2-1469/11/20.10.11/1.2.12		
1981-82	“		
1982-83	“		

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1983-84	"		
1984-85	"		
1985-86	"		
1986-87&1987-88	"		
1988-89,89-90&1990-91	"		
1991-92	"		
1992-93&1993-94	"		
1996-97	എൽ.എഫ്.ടിപി 3-42/14 തീ.3.4.2014		
1997-98			
1998-99			
99-2000ചെലവ്			

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
99-2000വരവ്			
2000-01			
2000-01,01-02 പ്ലാൻ			
2001-02			
2002-03			
2003-04			
2004-05			
05-06	എൽ.എഫ്.ടി12-1761/09/24-9-2010		
06-07	എൽ.എഫ്.ടി12-1762/09/24-09-2010		
07-08	എൽ.എഫ്.ടി12-853/11/29-11-11		

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2008-09മുതൽ2010-11വരെ	എൽ.എഫ്.ടി.പി.3-1346/12/5-11-12/12-03-13		
2011-12	എൽ.എഫ്.ടി.പി.3-1101/13/17-01-14/12-03-14		
2012-13	എൽ.എഫ്.ടി.പി.3-588/2014/3-9-14/9-12-14		
2013-14	കെ.എസ്.എ.ടി.എസ്.ആർ-(പി3) 218/16-15.2.16/11.3.16		

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1
ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1274/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 28.07.16

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **എടത്തിരുത്തി** ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **എടത്തിരുത്തി** ഗ്രാമപഞ്ചായത്തിന്റെ 2014-15 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P3)1047/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 28.07.16

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Edathiruthy Gramapanchayath** in Thrissur District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Edathiruthy Grama Panchcyath** for the year **2014-15,** except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.